പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2794

20.06.2013-ൽ മറുപടി നൽകേണ്ടത്

## കൈവശക്കാരായ കുടുംബങ്ങൾക്ക് പട്ടയം

**ചോദ്യം**

ശ്രീ. രാജു എബ്രഹാം

(എ) റാന്നി താലൂക്കിലെ അലിമുക്കിലെ കൈവശക്കാരായ 200 ലധികം കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇനിയും പൂർത്തീകരിക്കാനുള്ള നടപടികൾ എന്തൊക്കെ എന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ ;

**ഉത്തരം**

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

(എ) റാന്നി താലൂക്കിലെ പഴവങ്ങാടി വില്ലേജിലെ അലിമുക്കിലെ പൂർക്കഴി പ്രദേശത്തെ 224 കൈവശങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള റിക്കാർഡുകൾ റാന്നി താലൂക്ക് ഓഫീസിൽ തയ്യാറാക്കിയിട്ടുള്ളതാണ്. ടി പ്രദേശത്തെ നിലവിലുള്ള 38 പട്ടയങ്ങൾ റദ്ദ് ചെയ്തതിനുശേഷം ബി.റ്റി.ആർ. പ്രകാരം പതിവ് ഭൂമിയായി കിടക്കുന്ന ടി സ്ഥലം ഇനം മാറ്റി പുറമ്പോക്ക് ഭൂമിയായി മാറ്റുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവ് പ്രകാരം റാന്നി തഹസീൽദാർ, വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന് ആവശ്യമായ സർവ്വേ റിക്കാർഡുകൾ തയ്യാറായിട്ടുണ്ട്. റാന്നി താലൂക്ക് ഓഫീസിൽ നിന്നും ആദ്യം ലഭിച്ച 212 കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നതായും പിന്നീട് ലഭിച്ച 12 കൈവശക്കാരുടെ ലിസ്റ്റ് പരിശോധിച്ചു വരുന്നതായും ജില്ലാകളക്ടർ അറിയിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) പട്ടയം ലഭിക്കുന്നതിനായി എത്ര കൈവശ കുടുംബങ്ങളുടെ അപേക്ഷയാണ് വില്ലേജാഫീസിൽ ലഭിച്ചിട്ടുള്ളത്; എത്ര അപേക്ഷയാണ് ഇനിയും ലഭിക്കാനുള്ളത് ; ആരാധനാലയങ്ങളും, പൊതുസ്ഥാപനങ്ങളും അടക്കമുള്ളവയുടെ കാര്യത്തിൽ ആരാണ് അപേക്ഷ നൽകേണ്ടതെന്ന് നിർദ്ദേശി ച്ചിട്ടുണ്ടോ; ഇവരുടെ അപേക്ഷ ലഭി ച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം കേസിൽ എന്തു നടപടിയാണ് സ്വീകരിക്കാൻ കഴി യുക എന്ന് വ്യക്തമാക്കാമോ ; | (ബി) ആകെ 224 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. വ്യക്തികളുടെ അപേക്ഷകൾ ഇനി ലഭിക്കാനില്ല. ആരാധനാലയങ്ങളും പൊതുസ്ഥാപനങ്ങളും അടക്കമുള്ളവയുടെ കാര്യത്തിൽ ആരാണ് അപേക്ഷ നൽകേ ണ്ടത് എന്ന് നിർദ്ദേശം നൽകിയിട്ടില്ല. ടി പ്രദേശത്ത് അംഗൻവാടികളും ആരാധനാ ലയങ്ങളും ഉൾപ്പെടെയുള്ള സ്ഥാപനങ്ങ ളുണ്ട്. ടി ആരാധനാലയങ്ങളുടെയും പൊതു സ്ഥാപനങ്ങളുടെയും അപേക്ഷ ലഭിച്ചിട്ടില്ല. സംഘടനകൾക്കും സ്ഥാപനങ്ങൾക്കും ഭൂമി പതിവിനുള്ള അപേക്ഷകളിൽ ശുപാർശ നൽകേണ്ടതില്ലെന്ന് സർക്കാർ ഉത്തരവ് നിലവിലുണ്ട്. |
| (സി) ലഭിച്ച അപേക്ഷകളിന്മേൽ സ്വീക രിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദ മാക്കാമോ; പ്രസ്തുത അപേക്ഷകളിന്മേൽ അർഹത പരിശോധിച്ചുള്ള റിപ്പോർട്ട് ജില്ലാ കളക്ടർ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ; | (സി) റാന്നി താലൂക്ക് ഓഫീസിൽ നിന്നും ആദ്യം ലഭിച്ച 212 കൈവശങ്ങൾക്ക് ആരബിൾ ഫോറസ്റ്റ് ലാന്റ് പതിവ് നിയമങ്ങളിലെ റൂൾ 21 പ്രകാരം പൊതു താല്പര്യാർത്ഥം പതിച്ച് നൽകുന്നതിന് ഉത്തരവ് ലഭിക്കുന്നതിന് കൈവശക്കാരുടെ ലിസ്റ്റ് സഹിതം 04.06.2012- ൽ സി.6-3482/07 നമ്പർ കത്ത് പ്രകാരം പത്തനംതിട്ട ജില്ലാകളക്ടർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പിന്നീട് ലഭിച്ചിട്ടുള്ള 12 കൈവശക്കാരുടെ ലിസ്റ്റുകൂടി സർക്കാരിലേയ്ക്ക് സർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്ന തായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |
| (ഡി) സമയബന്ധിതമായി ഈ നടപടി കൾ പൂർത്തീകരിക്കുന്നതിന് ഉതകുംവിധം ഒരു പ്രത്യേക ടീമിനെ ഇതിനായി നിയോഗി ക്കാനും, ആവശ്യമായ ഉദ്യോഗസ്ഥരെ ഇതിൽ ഉൾപ്പെടുത്താനും നടപടി സ്വീകരിക്കുമോ ? | (ഡി) പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ